"ഭരണഭാഷ, മാതൃഭാഷ"

ക്യു4/102148/2019/കോ.വി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം,വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി: 09-09-2021

## സർക്കുലർ

കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയം കോളേജ്/സർവ്വകലാശാല ബിരുദ തല റഗുലർ പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് അനുവദിക്കുന്ന സെൻട്രൽ സെക്ടർ സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിക്കുന്നു. കേരള സ്റ്റേറ്റ് ഹയർ സെക്കൻഡറി/വൊക്കേഷണൽ ഹയർസെക്കൻഡറി ബോർഡുകൾ നടത്തിയ 12-ാം ക്ലാസ്സ് പരീക്ഷയിൽ ഏറ്റവും ഉയർന്ന മാർക്ക് നേടിയ 20% ശതമാനം കുട്ടികളിൽ നിന്നാണ് അപേക്ഷ ക്ഷണിക്കുന്നത്. ഇന്ത്യാ ഗവൺമെന്റ് നിർദ്ദേശിക്കുന്ന

താഴെ പറയുന്ന മാനദണ്ഡങ്ങൾക്ക് വിധേയമായിട്ടായിരിക്കും സ്കോളർഷിപ്പനുവദിക്കുന്നത്. അപേക്ഷിക്കാനുള്ള അവസാന തീയതി-30-11-2021

## സ്കോളർഷിപ്പ് ഫ്രഷായി അപേക്ഷിക്കാനുള്ള മാനദണ്ഡം

1). അപേക്ഷകർ യോഗ്യതാ പരിക്ഷയിൽ കുറഞ്ഞത് 80% മാർക്ക് നേടിയവരും വാർഷിക കുടുംബ വരുമാനം 8 ലക്ഷം രൂപ കവിയാത്തവരുമായിരിക്കണം.

2). അപേക്ഷകർ അംഗീകൃത സ്ഥാപനങ്ങളിൽ അംഗീകൃത കോഴ്സിന് പഠിക്കുന്നവരായിരിക്കണം.

3). മറ്റേതെങ്കിലും സ്കോളർഷിപ്പുകൾ വാങ്ങുന്നവർ ഈ സ്കോളർഷിപ്പിന് അപേക്ഷിക്കാൻ അർഹരല്ല.

4). ആകെ സ്കോളർഷിപ്പിന്റെ 50% പെൺകുട്ടികൾക്കായി സംവരണം ചെയ്തിരിക്കുന്നു.

5). 15% സ്കോളർഷിപ്പുകൾ എസ്.സി. വിഭാഗത്തിനും 7.5% സ്കോളർഷിപ്പുകൾ എസ്.ടി വിഭാഗത്തിനും 27% സ്കോളർഷിപ്പുകൾ ഒ.ബി.സി. വിഭാഗത്തിനും ഓരോ വിഭാഗത്തിലും 5% ഭിന്നശേഷി വിഭാഗത്തിനും നീക്കി വച്ചിരിക്കുന്നു.

6). അപേക്ഷകർ 18-25 നും മദ്ധ്യേ പ്രായമുള്ളവരായിരിക്കണം.

സ്കോളർഷിപ്പിന് അപേക്ഷിക്കുന്ന വിദ്യാർത്ഥികൾ താഴെപ്പറയുന്ന രേഖകൾ കൂടി സ്ഥാപനമേധാവിയ്ക്ക് സമർപ്പിച്ചിരിക്കണം.

1). ബന്ധപ്പെട്ട അധികാരിയിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ്.

2). ഹയർ സെക്കൻഡറി/വൊക്കേഷണൽ ഹയർസെക്കൻഡറിയുടെ മാർക്ക് ലിസ്റ്റിന്റെ അസ്സൽ പകർപ്പ്.

3). ജാതി, ശാരീരിക വൈകല്യം എന്നിവ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകൾ (SC/ST/OBC/PH വിദ്യാർത്ഥികൾ)

4). വിദ്യാർത്ഥി പഠിക്കുന്ന സ്ഥാപനമേധാവിയിൽ നിന്നുള്ള പ്രവേശന റിപ്പോർട്ട്.

കേരളത്തിൽ അനുവദിക്കുന്ന ആകെ സ്കോളർഷിപ്പ് 2324 ആണ്. ബിരുദതലം മുതൽ (പ്രൊഫണൽ കോഴ്സുൾപ്പെടെ) പരമാവധി 5 വർഷത്തേക്ക് നൽകുന്നു. സ്കോളർഷിപ്പ് സയൻസ്, കോമേഴ്സ്, ഹ്യുമാനിറ്റീസ് എന്നീ ഗ്രൂപ്പുകൾക്ക് 3:2:1 എന്ന അനുപാതത്തിൽ വീതിച്ചു നൽകും. ബിരുദതലത്തിൽ പ്രതിമാസം 1000/- രൂപയും ബിരുദാനന്തര ബിരുദതലത്തിൽ പ്രതിമാസം 2000/- രൂപയുമാണ് സ്കോളർഷിപ്പ് തുക. ഒരു അദ്ധ്യയന വർഷം പരമാവധി 10 മാസമാണ് സ്കോളർഷിപ്പ് അനുവദിക്കുന്നത്. ഒന്നാം മാസം പ്രവേശനം ലഭിച്ച മാസം മുതലാണ് സ്കോളർഷിപ്പ് അനുവദിക്കുന്നത്. 2021-22-ൽ പ്ലസ് ടു കഴിഞ്ഞ് തുടർ പഠനം നടത്തുന്നവർക്ക് മാത്രമേ അപേക്ഷിക്കാൻ സാധിക്കുകയുള്ളൂ.

**സെൻട്രൽ സെക്ടർ സ്കോളർഷിപ്പ് പുതുക്കുവാനുള്ള മാനദണ്ഡം**

1). തൊട്ടുമാമ്പുള്ള പരീക്ഷയിൽ കുറഞ്ഞത് 50% മാർക്കുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് 2-ാം വർഷം മുതൽ പുതുക്കി നൽകും.

2). 75% അറ്റൻഡൻസ് ഉണ്ടായിരിക്കണം.

അപേക്ഷകർ **National Scholarship portal (NSP)** വഴിയൊ കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റായ **www.scholarships.gov.in**, **www.collegiateedu.kerala.gov.in** എന്നീ ലിങ്കുകൾ വഴിയൊ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

വിശദവിവരങ്ങൾക്ക് താഴെ അറ്റാച്ച് ചെയ്തിരിക്കുന്ന ഗൈഡ്ലൈൻസ് പരിശോധിക്കുക.

**[for more informations please see the guide lines attached below]**

**Our Mail ID- centralsectorscholarship@gmail.com**

**Ph. No. 0471- 2306580**

**Mobile No. -9447096580**

സ്പെഷ്യൽ ഓഫീസർ ഫോർ സ്കോളർഷിപ്പ്സ്

AM

**"ഭരണഭാഷ മാതൃഭാഷ"**

നമ്പർ ക്യു4/102148/2021/കോ:വി:വ:

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ
തിരുവനന്തപുരം -33
തീയതി: 09-09-2021

**അറിയിപ്പ്**

**സെൻട്രൽ സെക്ടർ സ്കോളർഷിപ്പ് 2021-22 ഫ്രഷായിട്ട് അപേക്ഷിക്കാനും റിന്യൂ ചെയ്യാനുമുള്ള തീയതികളും മറ്റ് അറിയിപ്പുകളും സംബന്ധിച്ച്.**

ഫ്രഷായിട്ട് അപേക്ഷിക്കാനും റിന്യൂ ചെയ്യാനുമുള്ള അവസാന തീയതി-

**30-11-2021**

ഇൻസ്റ്റിറ്റ്യൂഷൻ/സ്റ്റേറ്റ്ബോർഡ് വെരിഫിക്കേഷൻ അവസാനതീയതി-

**15-12-2021**

സെൻട്രൽ സെക്ടർ സ്കോളർഷിപ്പിന് അപേക്ഷിക്കുമ്പോൾ ഒരു കുട്ടി ഒരു അപേക്ഷ മാത്രമേ സമർപ്പിക്കാൻ പാടുള്ളൂ. ഒന്നിൽ കൂടുതൽ അപേക്ഷകൾ സമർപ്പിച്ചാൽ അപേക്ഷ ക്യാൻസൽ ചെയ്യുന്നതാണ്.

അടുത്ത വർഷത്തേക്ക് സ്ഥാനകയറ്റം കിട്ടിയ കുട്ടികൾ സ്കോളർഷിപ്പ് റിന്യൂ ചെയ്യുമ്പോൾ മിനിമം മാർക്കിന്റെ മാനദണ്ഡം പാലിക്കേണ്ടതാണ്.

**ഇൻസ്റ്റിറ്റ്യൂഷന്റെ പ്രത്യേക ശ്രദ്ധക്ക്**

പുതുതായി അപേക്ഷിക്കുന്നവർ **Present Year** എന്ന കോളത്തിൽ **1** എന്നാണ് മാർക്ക് ചെയ്തിരിക്കുന്നതെന്ന് ഉറപ്പ് വരുത്തുക. അല്ലാത്ത പക്ഷം അപേക്ഷ ഡിഫക്ടീവ് ആക്കേണ്ടതാണ്.

**PHONE NO. 0471-2306580, 9447096580**

സ്പെഷ്യൽ ഓഫീസർ ഫോർ സ്കോളർഷിപ്പ്സ്

എ.എം